ഉത്തരം

(എ) പ്രത്യേക വ്യവസ്ഥ ഒന്നും ഇല്ല. എന്നാൽ ഒന്നിലേറെ കരാറുകാർ ഒരേ റേറ്റ് ക്വാട്ടു ചെയ്താൽ ഡിപ്പാർട്ടുമെന്റിന്റെ പണികളിൽ തെളിയിച്ചിട്ടുള്ള കഴിവും, കാര്യപ്രാപ്തിയും, മുൻകാലപരിചയവും പരിഗണിച്ച് യോഗ്യരായ കരാറുകാരെ ഏൽപ്പിക്കുകയാണ് സാധാരണ ചെയ്യാറുള്ളത്.

(ബി) എറണാകുളം ജില്ലയിൽ റോഡ്സ് ഡിവിഷൻ ഇ. ഇ. നമ്പർ ഡി.ബി.റ്റി. 2004-05 (14) തീയതി 4-12-2004 ആയി കൊച്ചി എണ്ണ ശുദ്ധീകരണശാലയിൽ നിന്നും ബിറ്റുമിൻ കൊണ്ടുവരുന്ന പ്രവർത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ 8 പേർ ഒരേ റേറ്റ് ക്വാട്ട് ചെയ്യുകയുണ്ടായി. അതിനെത്തുടർന്ന് ആ ഓഫീസിലെ ഈ മേഖലയിലെ സ്ഥിരം കരാറുകാരെപ്പറ്റി കീഴുദ്യോഗസ്ഥന്മാരുടെ അഭിപ്രായം തേടിയതിനു ശേഷം നിലവിലുള്ള കീഴ്വഴക്കം അനുസരിച്ച് ഈ പ്രവൃത്തിയിൽ തെളിയിച്ചിട്ടുള്ള കഴിവും കാര്യപ്രാപ്തിയും മുൻകാലപരിചയവും പരിഗണിച്ച് സ്ഥിരമായി ഈ പ്രവൃത്തി ചെയ്തിരുന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയാണ് ഉണ്ടായത്. ഇക്കാര്യത്തിൽ ഇതേ വിഷയത്തിൽ ശ്രീ. സി. പി. ഫിലിപ്പ് എന്ന കരാറുകാരൻ സർക്കാരിന് എതിരെ നൽകിയ പരാതിയുടെ ഹൈക്കോടതി വിധി ഒ. പി. നം. 39036/2001 (വി) കൂടി പരിഗണിച്ചിരുന്നു. ഇതിൽ ഏകപക്ഷീയമായി കരാർ ഉറപ്പിക്കുകയായിരുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രത്യേക വ്യവസ്ഥകളൊന്നുമില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. ശരിയായ രീതിയിലല്ല ടെണ്ടർ നടന്നത് എന്ന് ബോദ്ധ്യമായാൽ ടെണ്ടർ റദ്ദ് ചെയ്യാവുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ ജോലികൾ ടെണ്ടർ ചെയ്യാതെ ഡിപ്പാർട്ട്മെന്റൽ വർക്കുകളായി നൽകുന്നതിന് മാനദണ്ഡങ്ങൾ

48 [3031] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, മത്തായി ചാക്കോ:
,, എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജോലികൾ ടെണ്ടർ ചെയ്യാതെ ഡിപ്പാർട്ടുമെന്റൽ വർക്കുകളായി നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) കഴിഞ്ഞ നാലുവർഷങ്ങളിൽ നൽകിയിട്ടുള്ള ഡിപ്പാർട്ടുമെന്റൽ വർക്കുകളിലെല്ലാം മാനദണ്ഡം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡിപ്പാർട്ടുമെന്റ് വർക്കുകൾ എസ്റ്റിമേറ്റ് തുകയിൽനിന്ന് എത്ര ശതമാനം വരെ അധികരിച്ച് നൽകാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(ഡി) ടെണ്ടർ ചെയ്യുന്ന ജോലികൾ ഏതെങ്കിലും എസ്റ്റിമേറ്റ് തുകയിൽ നിന്ന് കുറഞ്ഞ നിരക്കിൽ കരാർ ആയിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) ടെണ്ടർ എടുക്കുവാൻ കോൺട്രാക്ടർ ഇല്ലായെന്ന് ബോദ്ധ്യം വരികയാണെങ്കിലോ ഡിപ്പാർട്ടുമെന്റിന് വളരെ അനുയോജ്യമായി തോന്നുകയാണെങ്കിലോ ജോലികൾ ഡിപ്പാർട്ടുമെന്റൽ വർക്കുകളായി ചെയ്യാവുന്നതാണ്. പീസ് വർക്കുകളായി ഇനം തിരിച്ച് അംഗീകൃത കരാറുകാരെക്കൊണ്ടാണ് ഇപ്പോൾ ഡിപ്പാർട്ടുമെന്റൽ വർക്കുകൾ ചെയ്തിക്കാറുള്ളത്.

(സി) ഇതുസംബന്ധിച്ച് പ്രത്യേക പരിധിയൊന്നും നിശ്ചയിച്ച് നിർദ്ദേശിച്ചിട്ടില്ല.

(ഡി) പല പണികളും എസ്റ്റിമേറ്റ് നിരക്കിനെക്കാൾ താഴ്ന്ന നിരക്കിൽ കരാറായിട്ടുണ്ട്.

നബാർഡ് സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ പണി ചെയ്ത റോഡുകളും പാലങ്ങളും

49 [3032] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള എത്ര പാലങ്ങൾ നബാർഡിന്റെ സഹായത്തോടെ പണി ചെയ്തു;

(ബി) ഈ കാലയളവിൽ ഈ ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് എത്ര റോഡുകൾ പുനരുദ്ധാരണം നടത്തിയെന്നറിയിക്കാമോ?

ഉത്തരം

(എ) നാല് പാലങ്ങൾ. അതിൽ രണ്ടെണ്ണത്തിന്റെ പണി പൂർത്തിയായി.

(1. വിഴിഞ്ഞം പാലം 2. ചപ്പാത്ത് പാലം).

രണ്ട് പാലങ്ങളുടെ പണി പുരോഗതിയിലാണ്. (1. പശുവണ്ണറപാലം 2. നടയറപാലം)

(ബി) നാല് റോഡുകൾ. അതിൽ മൂന്ന് റോഡുകളുടെ പണി പൂർത്തിയായി.

(1) കെൽട്രോൺ ജംഗ്ഷൻ മുതൽ കുന്നിപ്പള്ളിവരെയുള്ള ഭാഗം.

(2) കിളിമാനൂർ പോലീസ് സ്റ്റേഷൻ റോഡ്.

(3) നെട്ടയം-മണികണ്ഠേശ്വരം റോഡ്.

ഒരു റോഡിന്റെ (ചെമ്പൂർ റോഡ്) പണി പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly